**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5357** **03-11-2021 - ൽ മറുപടിയ്ക്ക്**

**മരണാനന്തര പെൻഷൻ നോമിനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ സർവീസിൽ നിന്നും വിരമിക്കുന്ന അവിവാഹിതരുടെ മരണാനന്തര പെൻഷൻ നോമിനിയായി ആരെയൊക്കെ നിശ്ചയിക്കാൻ കഴിയും; വിശദമാക്കുമോ; | (എ) | സർക്കാർ സർവീസിൽ നിന്നും വിരമിക്കുന്ന അവിവാഹിതരുടെ കുടുംബപെൻഷൻ നോമിനിയായി പെൻഷണർക്ക് ആരെയും നിശ്ചയിക്കുവാൻ കേരള സർവീസ് റൂൾസ് പാർട്ട് III ൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ, കുടുംബപെൻഷൻ അനുവദിക്കുന്നതിനുള്ള അവകാശികളെ കേരള സർവീസ് റൂൾസ് പാർട്ട് III ചട്ടം 90(6) ൽ വ്യക്തമാക്കിയത് പ്രകാരം പരിഗണിക്കുന്നതാണ്. കൂടാതെ, ഡി സി ആർ ജി യുടെ ആവശ്യത്തിന് ചട്ടം 71ൽ സൂചിപ്പിച്ചിരിക്കുന്ന ജീവനക്കാരന്റെ കുടുംബാംഗങ്ങളെ പെൻഷണർക്ക് നാമനിർദേശം ചെയ്യാവുന്നതാണ്. കേരള സർവീസ് റൂൾസ് പാർട്ട് III അപ്പെൻഡിക്സ് X പാർട്ട് എ ചട്ടം 7 പ്രകാരം കമ്മ്യൂട്ടേഷൻ കുടിശ്ശിക കൈപ്പറ്റുന്നതിന് കുടുംബാംഗങ്ങളെ നാമനിർദേശം ചെയ്യാവുന്നതാണ്. ജീവകാല കുടിശ്ശിക അനുവദിക്കുന്നതിന് കേരള സർവീസ് റൂൾസ് പാർട്ട് III ചട്ടം 138 പ്രകാരം കുടുംബാംഗങ്ങളെ നാമനിർദേശം ചെയ്യാവുന്നതാണ്. ജീവനക്കാരന്/ പെൻഷണർക്ക് ലഭിക്കാനുള്ള കുടിശ്ശിക ലഭിക്കുന്ന ആവശ്യത്തിലേയ്ക്കായി ചട്ടം 90(13) പ്രകാരം ഫോം 5 എ യിൽ കുടുംബാംഗങ്ങളെ നാമനിർദേശം ചെയ്യാവുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച സർവീസ് ചട്ടങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | സർക്കാർ സർവീസിൽ നിന്നും വിരമിക്കുന്ന അവിവാഹിതരുടെ കുടുംബപെൻഷൻ നോമിനിയായി പെൻഷണർക്ക് ആരെയും നിശ്ചയിക്കുവാൻ കേരള സർവീസ് റൂൾസ് പാർട്ട് III ൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ, കുടുംബപെൻഷൻ അനുവദിക്കുന്നതിനുള്ള അവകാശികളെ കേരള സർവീസ് റൂൾസ് പാർട്ട് III ചട്ടം 90(6) ൽ വ്യക്തമാക്കിയത് പ്രകാരം പരിഗണിക്കുന്നതാണ്. കൂടാതെ, ഡി സി ആർ ജി യുടെ ആവശ്യത്തിന് ചട്ടം 71ൽ സൂചിപ്പിച്ചിരിക്കുന്ന ജീവനക്കാരന്റെ കുടുംബാംഗങ്ങളെ പെൻഷണർക്ക് നാമനിർദേശം |

| | | | |
|---|---|---|---|
| | | | ചെയ്യാവുന്നതാണ്. കേരള സർവീസ് റൂൾസ് പാർട്ട് III അപ്പെൻഡിക്സ് X പാർട്ട് എ ചട്ടം 7 പ്രകാരം കമ്മ്യൂട്ടേഷൻ കുടിശ്ശിക കൈപ്പറ്റുന്നതിന് കുടുംബാംഗങ്ങളെ നാമനിർദേശം ചെയ്യാവുന്നതാണ്. ജീവകാല കുടിശ്ശിക അനുവദിക്കുന്നതിന് കേരള സർവീസ് റൂൾസ് പാർട്ട് III ചട്ടം 138 പ്രകാരം കുടുംബാംഗങ്ങളെ നാമനിർദേശം ചെയ്യാവുന്നതാണ്. ജീവനക്കാരന്/ പെൻഷണർക്ക് ലഭിക്കാനുള്ള കുടിശ്ശിക ലഭിക്കുന്ന ആവശ്യത്തിലേയ്ക്കായി ചട്ടം 90(13) പ്രകാരം ഫോം 5 എ യിൽ കുടുംബാംഗങ്ങളെ നാമനിർദേശം ചെയ്യാവുന്നതാണ്. |
| (സി) | പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (സി) | കേരള സർവീസ് റൂൾസ് ഭാഗം III ൽ കുടുംബപെൻഷൻ അനുവദിക്കുന്നതിന്റെ വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ചട്ടം 90 ഇപ്പോൾ തന്നെ ഉദാരമാണ്. നിലവിലെ സാഹചര്യത്തിൽ കൂടുതൽ വിഭാഗങ്ങൾക്ക് കുടുംബപെൻഷൻ അനുഭവവേദ്യമാക്കുന്നത് പരിഗണിക്കുവാൻ കഴിയുന്നതല്ല. |
| (ഡി) | ചട്ടങ്ങളിൽ പറയുന്നവർ ഇല്ലാത്തപക്ഷം സഹോദരിയുടെ മകൻ/മകളെ മരണാനന്തര പെൻഷൻ നോമിനിയായി പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ? | (ഡി) | കേരള സർവീസ് റൂൾസ് ഭാഗം III ൽ കുടുംബപെൻഷൻ അനുവദിക്കുന്നതിന്റെ വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ചട്ടം 90 ഇപ്പോൾ തന്നെ ഉദാരമാണ്. നിലവിലെ സാഹചര്യത്തിൽ കൂടുതൽ വിഭാഗങ്ങൾക്ക് കുടുംബപെൻഷൻ അനുഭവവേദ്യമാക്കുന്നത് പരിഗണിക്കുവാൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ